F.Y.
March 2013

Reg. No. ..........................

Name ..........................

**502**

Part - II

**മലയാളം (Malayalam)**

Maximum : 80 Scores

CSKOLLAM.COM

Time : 2½ Hours
Cool off time : 15 Minutes

**നിർദ്ദേശങ്ങൾ:**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യ നമ്പരിൽ നിന്ന്തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- പ്രോഗ്രാമുകൾ ചെയ്യാനാകാത്ത കാൽക്കുലേറ്ററുകൾ ഒഴികെയുള്ള ഒരു ഇലക്ട്രോണിക് ഉപകരണവും പരീക്ഷാഹാളിൽ ഉപയോഗിക്കുവാൻ പാടില്ല.

1. "മുറിച്ചുമാറ്റുന്ന ഓരോ പച്ചത്തലപ്പും മറന്നുകളയുന്ന ഓരോ നാട്ടറിവും ഓരോ ഓർമ്മയെയും ഓരോ നന്മയെയും കൊണ്ടാണ് പടിയിറങ്ങുന്നത്."
(കാർഷികാചാരങ്ങൾ കാഴ്ചയും വിചാരവും – മുരളീധരൻ തഴക്കര.)

"ഞാനാലോചിച്ചുപോയി, എത്ര നിറങ്ങളാണ് എത്ര ഗന്ധങ്ങളാണ് എത്ര വിസ്മയങ്ങളാണ് എനിക്കു നഷ്ടപ്പെട്ടത്."
(കണ്ണാന്തളിപ്പൂക്കളുടെ കാലം – എം. ടി. വാസുദേവൻ നായർ.)

നാഗരികതയുടെ കടന്നു കയറ്റത്തോടെ നഷ്ടപ്പെടുന്ന ഗ്രാമീണതയെപ്പറ്റി ഈ എഴുത്തുകാർ പ്രകടിപ്പിക്കുന്ന ആശങ്കകൾ വർത്തമാനകാല ജീവിതവുമായി ബന്ധപ്പെടുത്തി ചർച്ചചെയ്യുക?

(ഒന്നരപ്പുറം) (8)

2. ''അന്തിച്ചമയങ്ങൾ ചാർത്തി
വാണിഭം കണ്ണെറിയുന്നു
ഇങ്ങോട്ടി ങ്ങോട്ടെന്ന്
ഓരോ പരസ്യവും
അതി രഹസ്യമായ്
പേരുചൊല്ലി വിളിക്കുന്നു.''

(മിഠായിത്തെരുവ് – പി. പി. രാമചന്ദ്രൻ)

ലോകം മലർക്കെത്തുറന്നുവച്ച ഒരു ഷോക്കേസുപോലെ നമ്മെ പ്രലോഭിപ്പിക്കുന്നു എന്ന നിരീക്ഷണമാണ് കവി ഇവിടെ അവതരിപ്പിക്കുന്നത്. മായാമയൻ എന്ന കഥയെ ആസ്പദമാക്കി ചർച്ചചെയ്യുക. (ഒരുപുറം) **(6)**

3. സ്മാരക ശിലകളിലെ, 'ഖാൻ ബഹദൂർ പൂക്കോയത്തങ്ങൾ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പു തയ്യാറാക്കുക. (അരപ്പുറം) **(4)**

4. അണക്കെട്ടുകളുടെ സുരക്ഷ, മലിനമാകുന്ന ശുദ്ധ ജല സ്രോതസ്സുകൾ, വൻ തോതിലുള്ള ജല ചൂഷണം എന്നീ പ്രശ്നങ്ങളെ മുൻനിർത്തി, സംസ്ഥാന ജല വിഭവ വകുപ്പു മന്ത്രിയുമായി നടത്തുന്ന അഭിമുഖ സംഭാഷണത്തിൽ ചോദിക്കാൻ നാലു ചോദ്യങ്ങൾ തയ്യാറാക്കുക. **(4)**

5. ''നമ്മുടെ മദറിനു കൂടുതലാണെന്നറിഞ്ഞു .........,
ചാറ്റൽ മഴ കാരണം നാട്ടിലേക്കുവരാൻ പറ്റില്ല. അതുകൊണ്ട് മദറിന്റെ അവസാന നിമിഷങ്ങൾ വീഡിയോ എടുത്ത് അയച്ചു തരണം. അന്ത്യശ്വാസം വലിക്കുന്നതും പിന്നെ നമ്മുടെ രീതിയിലുള്ള ഫ്യൂണറലും മറ്റും ......''

(വീഡിയോ മരണം – ഡോ. കെ. അയ്യപ്പപ്പണിക്കർ)

''പറയാനാമോ രുചിഭേദങ്ങൾ
ഈയച്ഛനും മകളേ നീയും തമ്മിൽ
എത്ര മാമ്പഴക്കാലമകലം, ശരീരത്തിൽ
മനസ്സിൽ, രുചിയിലും
അറിയുംതോറും നിനക്കെന്നെയും പുളിച്ചിടാം.

(മാമ്പഴക്കാലം – പി. പി. രാമചന്ദ്രൻ)

ആധുനികത മനുഷ്യബന്ധങ്ങളിൽ വരുത്തിയ മാറ്റത്തെയാണ് രണ്ട് എഴുത്തുകാരും അവതരിപ്പിക്കുന്നത്. വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

(ഒന്നരപ്പുറം) **(8)**

6. ചിത്രകലയുടെ സാർവ്വ ലൗകികത്വം കാവ്യ കലയ്ക്കില്ലെന്നു പറയുന്നത് എന്തുകൊണ്ട്?

(ഒരുപുറം) (6)

7. "സ്ത്രീജിതനല്ല, ശ്രീജിതനാണ് രാവണൻ. ശ്രീത്വം വിളങ്ങുന്ന എല്ലാം രാവണൻ നേടും. ലങ്കയ്ക്കു അത് അലങ്കാരമായിരിക്കും."

ലങ്കാലക്ഷ്മിയിലെ ഈ വരികൾ രാവണനെന്ന കഥാപാത്രത്തെപ്പറ്റി നാളിതുവരെയുള്ള അഭിപ്രായത്തെ മാറ്റി മറിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.

(ഒരുപുറം) (6)

8. "Heard melodies are sweet, but those unheard -
are sweeter; therefore, ye soft pipes, play on;
Not to the sensual ear, but more endeared,
Pipe to the spirit ditties of no tone."

(Ode on a Grecian Urn - John Keats)

CSKOLLAM.COM

ഈ ഭാഗം കാവ്യ ഭംഗി നഷ്ടപ്പെടാതെ വിവർത്തനം ചെയ്യുക? ഉചിതമായ തലക്കെട്ടും നിർദ്ദേശിക്കണം. (8)

9. 'വിശപ്പ് എന്താണെന്ന് നിനക്കറിയില്ല. നഷ്ടപ്പെട്ട ഒരുനേരത്തെ ആഹാരത്തെക്കുറിച്ചുള്ള ഓർമ്മയാണു നിനക്കു വിശപ്പ്.' (എം. ടി.)

'രണ്ടു ദിവസമായിരുന്നു അന്നാഹാരം കഴിച്ചിട്ട്. കാലണ കടം ചോദിച്ചാൽ കിട്ടില്ല. വല്ല മൊന്തയും പണയം വെക്കാൻ കൊണ്ടുചെന്നാൽ, കട്ടതായിരിക്കുമെന്ന് പറഞ്ഞ് ആർക്കും വേണ്ട.'

(കള്ളൻ – എം. പി. നാരായണപിള്ള)

മേലുദ്ധരിച്ച വരികളിലെ വിശപ്പിനെക്കുറിച്ചുള്ള പരാമർശത്തെ ആസ്പദമാക്കി കള്ളൻ എന്ന കഥയെ വിശകലനം ചെയ്യുക? (ഒരുപുറം) (6)

10. നിങ്ങളുടെ സ്കൂളിൽ സാഹിത്യ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കീചകവധം കഥകളി അവതരിപ്പിക്കുന്നു. ഒരു ആമുഖ പ്രഭാഷണം തയ്യാറാക്കുക.

(ഒരുപുറം) **(6)**

11. 'സ്വീകരിക്കുന്ന വിഷയത്തിനനുസൃതമായി ഭാഷയെ ചടുലമാക്കുന്നതിലൂടെ, യുദ്ധവർണ്ണനയെ ദൃക്സാക്ഷി വിവരണത്തോളം എത്തിക്കാൻ എഴുത്തച്ഛനു സാധിക്കുന്നു.' താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗത്തെ ആസ്പദമാക്കി കുറിപ്പു തയ്യാറാക്കുക. (ഒന്നരപ്പുറം) **(8)**

'കെട്ടിയും കാൽകൈ പരസ്പരം താഡനം
തട്ടിയും മുട്ടുകൊണ്ടും തല തങ്ങളിൽ
ക്കൊട്ടിയുമേറ്റം പിടിച്ചും കടിച്ചുമ-
ങ്ങുറ്റത്തിൽ വീണും പുരണ്ടുമുരുണ്ടുമുൾ-
ച്ചീറ്റം കലർന്നു നഖം കൊണ്ടു മാന്തിയും'

(അദ്ധ്യാത്മരാമായണം – എഴുത്തച്ഛൻ)

'പൊടുപൊടെപ്പൊടി ച്ചുടനുടനുടൻ
ചുടു ചുടെ ത്തിളച്ചരുവിയാർപോലെ
തുടുതുടെ വന്ന രുധിരപൂരത്തെ
കുടുകുടെ ക്കുടിച്ചലറി ച്ചാടിയും'

(മഹാഭാരതം – എഴുത്തച്ഛൻ)

12. 'നഗരത്തിലെ മാലിന്യ സംസ്കരണം പ്രതിസന്ധിയിൽ'– ഈ വാർത്ത സൃഷ്ടിച്ച ആശങ്ക വ്യക്തമാകത്തക്ക വിധം, നിങ്ങളുടെ സ്കൂൾ പത്രത്തിൽ ഉൾപ്പെടുത്താൻ ഒരു എഡിറ്റോറിയൽ തയ്യാറാക്കുക.

(ഒരുപുറം) **(6)**

13. ഓരോ വർഷവും മലയാളി കുടിക്കുന്ന മദ്യത്തിന്റെ അളവ് ഭയപ്പെടുത്തുന്ന വിധം കൂടി വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിനെതിരെ തയ്യാറാക്കുന്ന പരസ്യത്തിനുവേണ്ടി നാലു വാക്യങ്ങൾ എഴുതുക? **(4)**